**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3631** **12-03-2025 - ൽ മറുപടിയ്ക്ക്**

**എൻ.സി.സി. കേഡറ്റ്സിന്റെ റിഫ്രഷ്മെന്റിനായുള്ള ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | 2023-24 അക്കാദമിക വർഷത്തിൽ എൻ.സി.സി. കേഡറ്റ്സിന്റെ റിഫ്രഷ്മെന്റിനായുള്ള ഫണ്ട് അനുവദിക്കാത്തതിനാൽ ഭക്ഷണം ലഭ്യമാക്കിയ കോൺട്രാക്ടർക്ക് അസോസിയേറ്റ് എൻ.സി.സി. ഓഫീസർമാരായ അധ്യാപകർ തന്നെ തുക നൽകേണ്ട സാഹചര്യമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രതിസന്ധി പരിഹരിക്കാൻ താമസംവിനാ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (എ) | 2023-24 സാമ്പത്തിക വർഷത്തിൽ എൻ.സി.സി വകുപ്പിന് 2024-00-102-99-00-34-03-NP ശീർഷകത്തിൽ നോൺ പ്ലാൻ ഇനത്തിൽ 12 കോടി രൂപയും 2024-25 വർഷത്തിൽ 12.4 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. അധിക തുക അനുവദിക്കുന്നതിനുള്ള ആവശ്യത്തിന്മേൽ വിശദമായ പ്രൊപോസൽ സമർപ്പിക്കുവാൻ എൻ.സി.സി വകുപ്പിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ് |
| (ബി) | 2024 -25 അക്കാദമിക വർഷത്തിലെ പരേഡ് പൂർത്തിയായ സാഹചര്യത്തിൽ ഈ വർഷത്തെ റിഫ്രഷ്മെന്റ് തുക അനുവദിക്കുന്നതിനുള്ള കാര്യത്തിൽ തീരുമാനമായിട്ടുണ്ടോ; പ്രസ്തുത ഫണ്ട് ഉടനെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | 2023-24 സാമ്പത്തിക വർഷത്തിൽ എൻ.സി.സി വകുപ്പിന് 2024-00-102-99-00-34-03-NP ശീർഷകത്തിൽ നോൺ പ്ലാൻ ഇനത്തിൽ 12 കോടി രൂപയും 2024-25 വർഷത്തിൽ 12.4 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. അധിക തുക അനുവദിക്കുന്നതിനുള്ള ആവശ്യത്തിന്മേൽ വിശദമായ പ്രൊപോസൽ സമർപ്പിക്കുവാൻ എൻ.സി.സി വകുപ്പിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ് |
| (സി) | അസോസിയേറ്റ് എൻ.സി.സി. ഓഫീസർമാരുടെ ഓണറേറിയത്തിൽ എത്ര വർഷത്തെ സംസ്ഥാന വിഹിതം നൽകുവാനുണ്ട്; ആയത് ഉടനെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | അസോസിയേറ്റ് എൻ.സി.സി ഓഫീസർമാരുടെ ഓണറേറിയം 2022-23 സാമ്പത്തിക വർഷം വരെയുള്ള സംസ്ഥാന വിഹിതം നൽകിയിട്ടുണ്ട്. അധിക തുക അനുവദിക്കുന്നതിനുള്ള ആവശ്യത്തിന്മേൽ വിശദമായ പ്രൊപോസൽ സമർപ്പിക്കുവാൻ എൻ.സി.സി വകുപ്പിനോട് ആവശ്യപ്പെട്ടിരിക്കുകയാണ് . പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ